# ട്രെഞ്ച് തോട്ടം

# പച്ചക്കറി വളർത്താൻ ഒരു വിദ്യ

പല സ്ഥലങ്ങളിലും ആണ്ടോടാണ് പച്ചക്കറി വളർത്തിയെടുക്കാൻ പ്രയാസം നേരിടുന്നു. പ്രധാന കാരണം ജലക്ഷാമം തന്നെ. പിന്നെ മണ്ണിന്റെ വീര്യക്കുറവും. കൃത്രിമവളത്തിന്റെ ഉപയോഗം മണ്ണിനെ കൂടുതൽ തളർത്തുകയും ചെയ്യും. ഇവിടെ പ്രതിപാദിക്കുന്ന കൃഷിരീതി ഇത്തരം സാഹചര്യങ്ങളിൽ അനുയോജ്യമാണ്. കഠിനമായ വരൾച്ചയിൽപോലും ആഫ്രിക്കയിലുള്ള സുളു വർഗക്കാർക്ക് ഈ രീതിയിൽ വേണ്ടത്ര പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടത്രെ.

## വിജയത്തിന്റെ രഹസ്യം

ഇവിടെ ജൈവവസ്തുക്കൾ അണുജീവികളുടെ പ്രവർത്തനംമൂലം മണ്ണിന്റെ വീര്യം വർധിപ്പിക്കുന്നു. അഴുകിച്ചേരുന്ന ജൈവവസ്തുക്കൾ-എക്കൽ മണ്ണിന്റെ പോഷകത്തോടൊപ്പം ജലം സംഭരിക്കാനുള്ള കഴിവും വർധിപ്പിക്കുന്നു. കൂടാതെ മണ്ണിൽ വായുസഞ്ചാരം ഉണ്ടാക്കുന്നു. രാസവളം ഉപയോഗിക്കുന്നതേയില്ല.

## ട്രെഞ്ച് ഗാർഡൻ ഉണ്ടാക്കുന്ന വിധം

1. 18 ഇഞ്ച് (45 സെ. മീ.) ആഴമുള്ള, ഏതാണ്ട് 7 അടി വീതിയുള്ള ഒരു കുഴിയുണ്ടാക്കുക; ചരിവുള്ള ഭൂമിയാണെങ്കിൽ ചരിവിന് കുറുകേ വേണം ഇതുണ്ടാക്കാൻ. (മണ്ണൊട്ടും ഒലിച്ചുപോകാതിരിക്കാനാണിത്). കുഴിക്ക് എന്തു നീളവും ആവാം. കോരിയെടുത്ത മണ്ണ് നഷ്ടപ്പെടാതെ കുഴിയുടെ ഒരുവശത്തു കൂട്ടുക.
2. ധാരാളം പുല്ലു മുറിച്ചെടുക്കുക. കുഴിയുടെ അടിയിൽ എട്ട് ഇഞ്ച് (20 സെ.മീ) കനത്തിൽ പുല്ല് നിറയ്ക്കുക. കന്നുകാലി വളമോ കമ്പോസ്റ്റോ ഉണ്ടെങ്കിൽ അത് പുല്ലിനു മുകളിൽ ഇടുക.
3. കുഴിയിൽ മണ്ണിട്ട് നിറയ്ക്കുക.
4. കുഴി നിറച്ചാലുടനെ പയർവർഗത്തിലുള്ള ഏതെങ്കിലുമൊരു ചെടിയുടെ വിത്തുകൾ കുഴിയിലാകമാനം പാകുക. പയർവർഗം വളർന്നുവരും. പൂക്കാറാവുമ്പോൾ ഇവ മുഴുവനും കൊത്തിയരിഞ്ഞ് കുഴിയിൽതന്നെയിട്ടു മൂടണം. (ഇതു നഷ്ടമുള്ള ഏർപ്പാടാണെന്നു വിചാരിച്ച് ചിലർ ഇപ്രകാരം ചെയ്യാറില്ല. അതു ശരിയല്ല. ആദ്യത്തെ പയർ വിളവു മുഴുവൻ കുഴിയിലേക്കു പോകണം. ഒട്ടും എടുക്കരുത്).



5. ഇനി കുഴിയിൽ മുഴുവൻ ഏതെങ്കിലും ഇലക്കറി നടാം. പക്ഷേ, ഇത്തവണ വലിയ വിളവ് ലഭിച്ചെന്നുവരില്ല. എങ്കിലും ഈ വിളവ് നിങ്ങൾക്കുപയോഗിക്കാം.
6. അടുത്തത് മധുരക്കിഴങ്ങാണ് നല്ലത്. നന്നായി വരും അത്.
7. ഇവിടംമുതൽ നിങ്ങൾക്കിഷ്ടമുള്ള പച്ചക്കറികളെല്ലാം നട്ടുവളർത്താം. ഇതിനൊരു പ്ലാൻ തയ്യാറാക്കുക. പലവിധം ചെടികൾ ഒന്നിനുപുറകെ മറ്റൊന്നായി നടണം. ഇതിനു ക്രോപ് റൊട്ടേഷൻ പ്ലാൻ എന്നു പറയുന്നു. ഒരു ഇലക്കറി, പിന്നെയൊരു കിഴങ്ങുവർഗം, പിന്നെയൊരു കായ് വർഗം, പിന്നെ പയർവർഗം ഇങ്ങനെ ഫലം എടുത്തുകഴിഞ്ഞ് ബാക്കിയുള്ളതെല്ലാം കുഴിയിലേക്കുതന്നെ ചെലുത്തുകയുംവേണം.
8. എല്ലാ കാലങ്ങളിലും നിങ്ങൾക്ക് ഇപ്രകാരം ധാരാളം പച്ചക്കറികൾ ഉൽപാദിപ്പിക്കാൻ കഴിയും. കഴിയുന്നത്ര കാലിവളം, കമ്പോസ്റ്റ് ഇവ കുഴിയിലേക്ക് ചെലുത്തിക്കൊണ്ടിരിക്കണം എന്നത് മറന്നുപോകരുത്.
9. ഒന്നിലേറെ കുഴികൾ (ട്രെഞ്ചുകൾ) ഒരേ സമയം പരിപാലിക്കുന്നതായാൽ, ഓരോന്നിലും ഓരോ തരം സസ്യം ഒരേ കാലത്തു വളർത്തുകയാണെങ്കിൽ നമുക്ക് പല പച്ചക്കറികൾ ഒരേ സമയം ലഭിക്കും.

## ശ്രദ്ധിക്കുക

രാസവളമോ കീടനാശിനിയോ ഒരിക്കലും ഉപയോഗിക്കരുത്. ഇവ സൂക്ഷ്മജീവികളെ കൊന്നൊടുക്കും. സോപ്പുവെള്ളംപോലും കുഴിയിൽ ചെല്ലാതിരിക്കാൻ ശ്രദ്ധിക്കണം.

(അവലംബം: World Scout Bureau /World Wildlife Fund: Project 14- Grow more food in trench gardens).